"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 144 ൽ റീസർവ്വെ നമ്പർ 1 ൽപ്പെട്ട ബി.റ്റി.ആർ പ്രകാരം 'സംസ്ഥാന സർക്കാർ പുറമ്പോക്ക്' എന്നും സെറ്റിൽമെന്റ് പ്രകാരം 'ആറു പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുള്ള 01.80 ആർ ഭൂമി ശ്രീ സഹദേവൻ & ശ്രീമതി വത്സല എന്നിവർ പേരിൽ ഇനം മാറ്റം നടത്തി തരിശാക്കി പതിച്ച് നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.205/2026/RD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05.08.2025, 05.03.2026 എന്നീ തീയതികളിലെ DCTVM/3059/2025-B20 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.03.2026 ലെ എൽ.ആർ./4515/2025/പി എം.2 നമ്പർ.കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 144 ൽ റീസർവ്വെ നമ്പർ 1 ൽപ്പെട്ട ബി.റ്റി.ആർ പ്രകാരം 'സംസ്ഥാന സർക്കാർ പുറമ്പോക്ക്' എന്നും സെറ്റിൽമെന്റ് പ്രകാരം 'ആറു പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുള്ള 01.80 ആർ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് ശ്രീ സഹദേവൻ & ശ്രീമതി വത്സല എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നെന്നും ബി.റ്റി.ആർ പ്രകാരം പ്രസ്തുത ഭൂമി പുറമ്പോക്ക് എന്നും ബി.റ്റി.ആർ-ൽ പട്ടാദാരുടെ പേര് 'സംസ്ഥാന സർക്കാർ' എന്നുമാണെന്നും സെറ്റിൽമെന്റ് പ്രകാരം ടി വസ്തു 'ആറു പുറമ്പോക്ക്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അപേക്ഷകർ ടി ഭൂമിയിൽ 34 വർഷത്തിലധികമായി താമസിച്ചു വരുന്നെന്നും അപേക്ഷകർക്ക് മറ്റൊരിടത്തും സ്വന്തമായി ഭൂമിയില്ലെന്നും വാർഷിക വരുമാനം 48,000/- രൂപയാണെന്നും അപേക്ഷകർ പട്ടികജാതി വിഭാഗമായതിനാൽ സൗജന്യ പതിവിന് അർഹരാണെന്നും തിരുവനന്തപുരം തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. കൂടാതെ അപേക്ഷാ വസ്തുവിനോട് ചേർന്ന് പോകുന്ന PWD റോഡുമായി ബന്ധപ്പെട്ട് നിലവിൽ വികസന പദ്ധതികളൊന്നും ഇല്ലെന്നും PWD അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിരുന്നെന്നും ശ്രീ സഹദേവൻ & ശ്രീമതി വത്സല എന്നിവർ പേരിൽ അപേക്ഷാ വസ്തു പതിച്ചു നൽകുന്നതിന് തിരുവനന്തപുരം നഗരസഭ നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെന്നും

ആയതിനാൽ ബി.റ്റി.ആർ പ്രകാരം സംസ്ഥാന സർക്കാർ പുറമ്പോക്ക് എന്നും സെറ്റിൽമെന്റ് പ്രകാരം 'ആറു പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുള്ള തൈയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 144 ൽ റീസർവ്വെ നമ്പർ 1-ൽപ്പെട്ട 01.80 ആർ ഭൂമി, പ്രസ്തുത ഭൂമിയുടെ ഇനം തരിശ് ആയി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ സഹദേവൻ & ശ്രീമതി വത്സല എന്നിവർ പേരിൽ പതിച്ചു നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (1&2) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും അഭ്യർത്ഥിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബി.റ്റി.ആർ പ്രകാരം സംസ്ഥാന സർക്കാർ പുറമ്പോക്ക് എന്നും സെറ്റിൽമെന്റ് പ്രകാരം 'ആറു പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 144 ൽ റീസർവ്വെ നമ്പർ 1-ൽപ്പെട്ട 01.80 ആർ ഭൂമി, പ്രസ്തുത ഭൂമിയുടെ ഇനം തരിശ് ആക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ സഹദേവൻ & ശ്രീമതി വത്സല എന്നിവർ പേരിൽ പതിച്ചു നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ടി. ഭൂമി പതിച്ച് നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
ശ്രീ പി. സഹദേവൻ & ശ്രീമതി കെ. വത്സല, പി.ഒ. റ്റി. സി. 23/18, ARA-115, പാറച്ചിറ, മേലാറന്നൂർ, കരമന പി. ഒ, തിരുവനന്തപുരം.695002
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 02-07-2026 14:11:49